# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ(പി) 9/696/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 27/09/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഇടുക്കി (ഇ-മെയിൽ മുഖേന).
3) ഓഫീസ് പകർപ്പ്.

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ(പി) 9/696/2023 തീയ്യതി: 27/09/2023

## ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-11-2022 മുതൽ 19-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വിനോദ് കെ. കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 19-06-2023 | 23-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-06-2023 | 23-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം. യു. സണ്ണി, ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ. വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രാജി ചന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ പി.എം സബീർ മുഹമ്മദ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വി.എൻ മഞ്ജു | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ ടി യു. ഏലിയാസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 22-06-2022 |
| ശ്രീ പി.ആർ ബാബുരാജ് | അസിസ്റ്റന്റ് എൻജിനീയർ | 23-06-2022 | 29-07-2022 |
| ശ്രീ അനന്തു രാജൻ | അസിസ്റ്റന്റ് എൻജിനീയർ | 30-07-2022 | 31-03-2023 |
| ഡോ രാഹുൽ രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) വാത്തിക്കുടി | 01-04-2022 | 27-04-2022 |
| ഡോ. മിറിന്റാ ജോസ് | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) വാത്തിക്കുടി | 28-04-2022 | 14-11-2022 |
| ഡോ. വിപിൻ കുമാർ. കെ | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) വാത്തിക്കുടി | 15-11-2022 | 26-12-2022 |
| ഡോ. അഞ്ജലി എം. ആർ. | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) വാത്തിക്കുടി | 27-12-2022 | 31-03-2023 |
| ശ്രീമതി ജാൻസി ജോൺ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ വി.എസ് രാജേഷ് | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ പ്രശാന്ത് കെ. പി. | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ആൻ. ഡാർളി വർഗ്ഗീസ് | സി.ഡി.പി.ഒ | 01-04-2022 | 31-03-2023 |
| ശ്രീ യു.എം. അനിൽ കുമാർ | കൃഷി അസി ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലിജി കെ.ഡി. | പട്ടിക വർഗ്ഗ വികസന ഓഫീസർ | 01-04-2022 | 13-05-2022 |
| ശ്രീമതി ആനിയമ്മ ഫ്രാൻസിസ് | പട്ടിക വർഗ്ഗ വികസന ഓഫീസർ | 14-05-2022 | 31-03-2023 |
| ഡോ. ക്രിസ്റ്റി ജെ. തുണ്ടത്തിൽ | മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവ്വേദ ആശുപത്രി (അനക്സ്), പാറേമാവ് | 01-04-2022 | 02-12-2022 |
| ഡോ. സുരേഷ് കെ. ആർ. | മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവ്വേദ ആശുപത്രി (അനക്സ്), പാറേമാവ് | 03-12-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല. | 1-1-1 |
| 3 | സോഫ്റ്റ് വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല. | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകൾ | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-5 |
| 7 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. | 1-1-7 |
| 9 | ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് തേയ്മാന കിഴിവ് രേഖപ്പെടുത്തി. | 1-1-8 |
| 10 | തേയ്മാനക്കിഴിവിന് ഉപോത്ബലകമായ രേഖകൾ ലഭ്യമല്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് - ചെലവ് ശതമാനം 80-ൽ താഴെ മാത്രം | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ക്യാഷ് പരിശോധന | 1-6 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 17 | പട്ടിക ജാതി ക്ഷേമ മേഖലയിൽ പദ്ധതികൾ നടപ്പാക്കിയില്ല | 1-8 |
| 18 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചുമതലയിലില്ലാത്ത പദ്ധതി ഏറ്റെടുത്ത് നടപ്പാക്കി | 1-9 |
| 19 | ഐ.എ.വൈ. ലോൺ തിരിച്ചടവ് - തിരിച്ചടവിൽ ഗുരുതരമായ വീഴ്ച വരുത്തിയത് മൂലം വൻനഷ്ടം | 1-10 |
| 20 | ദൈനംദിന ഓഫീസ് ചെലവ് - ചട്ടങ്ങൾ പാലിക്കുന്നില്ല | 1-11 |
| 21 | പട്ടിക വർഗ്ഗ വിഭാഗത്തിന് സേവനം ലഭ്യമാക്കുന്ന യാതൊരു പദ്ധതിയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പാക്കിയിട്ടില്ല | 1-12 |
| 22 | താന്നിക്കണ്ടം വനിതാ തൊഴിൽ പരിശീലനകേന്ദ്രം - ഒന്നര കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ലക്ഷ്യം കൈവരിച്ചില്ല | 1-13 |
| 23 | കാഞ്ഞാർ വാട്ടർ തീം പാർക്ക് പ്രയോജനപ്രദമാക്കിയില്ല | 1-14 |
| 24 | എ.ഡി.എ. ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സാധനങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കുവാൻ കഴിഞ്ഞില്ല | 1-15 |
| 25 | കാൽവരിമൗണ്ട് ടൂറിസം സെന്റർ - ഫലപ്രാപ്തിയിൽ എത്തിയില്ല | 1-16 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-17 |
| 27 | ചെലവഴിക്കാത്ത തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചില്ല | 1-18 |

| | | |
|---|---|---|
| 28 | ജല ലഭ്യത ഉറപ്പ് വരുത്താതെ ടോയ്‌ലറ്റ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കി | 1-19 |
| 29 | അഞ്ചുകുടി ചെമ്പക പാറ കുടിവെള്ള പദ്ധതി - പദ്ധതി പൂർത്തീകരിച്ചില്ല | 1-20 |
| 30 | പ്രവൃത്തി സ്ഥലത്ത് നിന്നും ലഭ്യമായ സാധന സാമഗ്രികൾ ലേലം ചെയ്തു നൽകിയ വിശദാംശങ്ങൾ ലഭ്യമല്ല | 1-21 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 02.06.2023-ലെ 4(1)-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം തയ്യാറാക്കി 07.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C And AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

1-1-1 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല.

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ്ഷീറ്റിലെ ആസ്തിബാധ്യത കണക്കുകൾ കൃത്യമല്ല.

1-1-2 സോഫ്റ്റ് വെയറുകൾക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ല.

സാമ്പത്തിക റിപ്പോർട്ടുകളോ സാമ്പത്തിക വിവരങ്ങളോ ലഭ്യമാക്കുന്ന അക്കൌണ്ടിംങ്ങ് സോഫ്റ്റ്‌വെയർ ഉൾപ്പെടെയുള്ള എല്ലാ സോഫ്റ്റ്‌വെയറുകളിലേയ്ക്കും ഓഡിറ്റർക്ക് സ്വതന്ത്രമായ ലോഗിൻ അനുവദിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ സാമ്പത്തിക അവസ്ഥ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാകുന്നില്ല.

1-1-3 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62 (2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷികധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-4 പരസ്പര വിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകൾ

അക്കൗണ്ടിങ്ങ് സോഫ്റ്റ്‌വെയർ ഇതര സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് പരസ്പരവിരുദ്ധമായ സാമ്പത്തിക റിപ്പോർട്ടുകളാണ് ലഭ്യമാകുന്നത്.

1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-6 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടം, ചട്ടം 58(4)(എ) പ്രകാരം നീക്കിയിരിപ്പുള്ള സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ

രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-8 ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് തേയ്മാന കിഴിവ് രേഖപ്പെടുത്തി.

സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഇല്ലാത്ത റോഡുകൾ, പാലങ്ങൾ, കുടിവെള്ള പദ്ധതികൾ, ഡ്രയിനേജ് സംവിധാനം തുടങ്ങിയ ആസ്തികൾക്ക് തേയ്മാനക്കിഴിവ് രേഖപ്പെടുത്തിയിരിക്കുന്നു.

1-1-9 തേയ്മാനക്കിഴിവിന് ഉപോത്ബലകമായ രേഖകൾ ലഭ്യമല്ല.

ആസ്തി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ലാത്തതിനാലും, തേയ്മാനക്കിഴിവ് കണക്കാണക്കിയ രേഖകൾ ലഭ്യമല്ലാത്തതിനാലും വാർഷിക കണക്കിൽ തേയ്മാനക്കിഴിവായി രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

1-2 ബജറ്റ്

25.03.2022-ലെ 1(2) നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസാക്കി അവതരിപ്പിച്ച 2022-23 വർഷത്തെ ബജറ്റ് 31.03.2022-ൽ ഭരണ സമിതി അംഗീകരിച്ചിരുന്നു. 17.03.2023-ലെ 1(2) നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസാക്കി അവതരിപ്പിച്ച 2022-23 വർഷത്തെ റിവൈസ്ഡ് ബജറ്റ് 31.03.2023-ൽ ഭരണ സമിതിയുടെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

റിവൈസ്ഡ് ബജറ്റ് പ്രകാരം മുന്നിരിപ്പ് ₹60,74,766/-, ആകെ വരവ് ₹71,01,04,994/-, ആകെ ചെലവ് ₹71,44,32,000/-, നീക്കിയിരിപ്പ് ₹17,47,760/- ആകുന്നു.

1-3 വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് - ചെലവ് ശതമാനം 80-ൽ താഴെ മാത്രം

വികസന ഫണ്ട് എസ്.സി.പി., റ്റി.എസ്.പി, മെയിന്റനൻസ് ഫണ്ട് (റോഡ്) എന്നീ ഇനങ്ങളിൽ 2022-23-ൽ താഴെ പറയും പ്രകാരം 80%-ൽ താഴെ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നുവെങ്കിൽ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹1546026/- ലാപ്സായി.

| ഇനം | അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് -എസ്.സി.പി | 5489737 | 4026573 | 1463164 | 73.35 | 1097947 | 365217 |
| വികസന ഫണ്ട് -ടി.എസ്.പി | 4166000 | 3022594 | 1143406 | 72.55 | 833200 | 310206 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 10658000 | 7655797 | 3002203 | 71.83 | 2131600 | 870603 |
| ആകെ | | | | | 4062747 | 1546026 |

മേൽ ഉത്തരവ് പ്രകാരം എസ്.സി.പി/ടി.എസ്.പി എന്നീ ഇനങ്ങളിൽ സംഭവിക്കുന്ന ഷോട്ട്ഫോൾ പൊതുവിഭാഗം ഫണ്ടിൽ നിന്നുമാണ് പരിഹരിക്കുന്നത്.

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 34167263 | 34167263 | 28989776 | 5177487 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5489737 | 5489737 | 4026573 | 1463164 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4166000 | 4166000 | 3022594 | 1143406 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic Grant- Untied)ട്രഷറി | 0 | 665033 | 665033 | 462330 | 202703 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Basic Grant- Untied) ബാങ്ക് | 2008370 | 5846548 | 7854918 | 5765556 | 2089362 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ACR ട്രഷറി | 0 | 6650021 | 6650021 | 4285384 | 2364637 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ACR ബാങ്ക് | 5215706 | 8266000 | 13481706 | 3723039 | 9758667 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 10658000 | 10658000 | 7655797 | 3002203 |
| സമ്പൂർണ്ണ ശുചിത്വം | 1196633 | 47541 | 1244174 | 0 | 1244174 |
| ഹാഡ (320100201) | 366046 | 10401 | 376447 | 0 | 376447 |
| ഹെൽത്ത് ഗ്രാന്റ് (320100205) | 0 | 2585861 | 2585861 | 0 | 2585861 |
| ഗ്രാന്റ് - IAY സംസ്ഥാന വിഹിതം (320200399) | 3688927 | 2104521 | 5793448 | 2035000 | 3758448 |
| ഗ്രാന്റ് -കില (320300199) | 7000 | 133847 | 140847 | 78520 | 62327 |
| ഗ്രാന്റ് PMAY പഞ്ചായത്ത് വിഹിതം (320700208) | 5632857 | 5161245 | 10794102 | 10773213 | 20889 |
| കേന്ദ്ര ഗവ. അവാർഡ് (320900199) | 684003 | 74392 | 758395 | 0 | 758395 |
| കേരളോൽസവം ഗ്രാന്റ് (320200323) | 0 | 100000 | 100000 | 100000 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമാകാത്തതിനാൽ എ.സി.ആർ പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം ഉത്തരവ് നം.677/22/DPC/DPO/IDK/25.04.2022 പ്രകാരം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധികളുടെ എണ്ണം | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 127 | 145264537 | 88 | 74334061 | 0 | 39 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 4 | 4 | 100.00 | 2400000 | 2398322 |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 100.00 | 8700000 | 6623077 |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 9 | 6 | 66.67 | 4750000 | 2587776 |
| ചീഫ് മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 2 | 2 | 100.00 | 1215489 | 1215489 |
| സി.ഡി.പി.ഒ | 6 | 4 | 66.67 | 3441119 | 2471761 |
| പട്ടികവർഗ്ഗ വികസന ഓഫീസർ | 2 | 2 | 100.00 | 60000 | 38950 |
| പട്ടികജാതി വികസന ഓഫീസർ | 1 | 1 | 100.00 | 20000 | 19989 |
| വ്യവസായ വികസന ഓഫീസർ | 1 | 0 | 0.00 | 1500000 | 0 |
| സെക്രട്ടറി | 30 | 18 | 60.00 | 81751464 | 34122847 |
| അസി. എഞ്ചിനീയർ | 67 | 46 | 68.66 | 41062549 | 24527517 |
| അസി. എക്സി. എഞ്ചിനീയർ | 2 | 2 | 100.00 | 363916 | 328333 |
| ആകെ | 127 | 88 | 69.29 | 145264537 | 74334061 |

ആകെ അടങ്കലിന്റെ 51% ചെലവാണ് നടന്നിട്ടുള്ളത്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് 'ഇല്ല' എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കാര്യാലയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2. പൊതുമരാമത്ത് പ്രവൃത്തികൾ വഴി പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

3. വാർഷിക പദ്ധതികൾ തയ്യാറാക്കൽ, നിർവ്വഹണം, പദ്ധതികളുടെ തുടർ മോണിട്ടറിംഗ് സംവിധാനം എന്നിവ കാര്യക്ഷമമല്ല.

4. പട്ടികജാതി ക്ഷേമ മേഖലയിൽ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

5. ലോൺ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

6. പട്ടിക വർഗ്ഗ വിഭാഗത്തിന് സേവനം ലഭ്യമാക്കുന്ന യാതൊരു പദ്ധതിയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയിട്ടില്ല എന്നത് ഗുരുതര വീഴ്ചയാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് യഥാവിധി പദ്ധതികൾ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

7. ഐ. എ. വൈ വായ്പയുടെ മുതൽ കൃത്യമായി ഒടുക്കാത്തതുമൂലം ബ്ലോക്ക് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടായതും പലിശ ഇനത്തിൽ തുക ഒടുക്കിയതും ഗുരുതരമായ വീഴ്ചയാണ്.

8. താന്നിക്കണ്ടം വ്യവസായ പരിശീലന കേന്ദ്രം, കാഞ്ഞാർ വാട്ടർ തീം പാർക്ക് എന്നിവ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിച്ചിട്ടില്ല.

## 1-8 പട്ടിക ജാതി ക്ഷേമ മേഖലയിൽ പദ്ധതികൾ നടപ്പാക്കിയില്ല

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ 2022-23 വർഷം പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ പട്ടിക ജാതി വികസന ഓഫീസിലെ ദൈനം ദിന ചെലവുകൾക്കായുള്ള പ്രൊജക്ട് ഒഴികെ മറ്റ് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്തിലെ ആകെ പദ്ധതി ചെലവിൽ പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ പദ്ധതികളുടെ എണ്ണം | പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ശതമാനം | ആകെ പദ്ധതി അടങ്കൽ (₹) | പട്ടിക ജാതി ക്ഷേമ മേഖലയിലെ അടങ്കൽ (₹) | ശതമാനം | ആകെ പദ്ധതി ചെലവ് (₹) | പട്ടിക ജാതി ക്ഷേമ മേഖലയിലെ ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| 127 | 1 | .78 | 145264537 | 20000 | .0000137 | 74334061 | 19989 | .00268 |

പട്ടിക ജാതി ക്ഷേമത്തിനായി ബജറ്റിൽ ₹20,00,000/- ഉൾപ്പെടുത്തിയിരുന്നു. പട്ടിക ജാതി ക്ഷേമ മേഖലയിൽ പദ്ധതി നിർവ്വഹണമില്ലാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 4/19.06.2023)ക്ക് സമർപ്പിച്ച മറുപടിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്ക് അപേക്ഷകരെ ലഭിക്കാതിരുന്നതിനാലും ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്തൃ പട്ടിക ലഭ്യമാക്കാതിരുന്നതിനാലുമാണ് പദ്ധതി നടപ്പാകാതിരുന്നത് എന്നറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ പട്ടികജാതി വികസന മേഖലയിൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-9 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചുമതലയിലില്ലാത്ത പദ്ധതി ഏറ്റെടുത്ത് നടപ്പാക്കി

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് തൻ വർഷം മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവ്വേദ ആശുപത്രി (അനക്സ്) നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുള്ളതാണ്.

| ക്രമ നം. | പ്രോജക്ട് നം. & പ്രോജക്ട് | അടങ്കൽ ₹ | ചെലവ് |
|---|---|---|---|
| 1 | 43/2022-23<br>സ്നേഹധാര-ആയുർവേദ പാലിയേറ്റീവ് പരിചരണം | ₹50,0000/- | 22100663012701299550/06.03.2023<br>₹122375/- |
| | | | 22100663012700848811/01.12.2022<br>₹31350/- |
| | | | 221006630127007208606/02.11.2022<br>₹35625/- |
| | | | 22100663012701270720/ 01.03.2023<br>₹28500/- |
| | | | 22100663012701423445/ 21.03.2023<br>₹35625/- |
| | | | 22100663012700164425/06.06.2022<br>₹31350/- |
| | | | 22100663012700307354/14.07.2022<br>₹37050/- |
| | | | 22100663012700376229/04.08.2022<br>₹37050/- |
| | | | 22100663012700493793/04.09.2022<br>₹37050/- |
| | | | 22100663012700601682/06.10.2022<br>₹37050/- |
| | | | 22100663012700984905/05.11.2022<br>₹35625/- |
| | | | 22100663012701121325 /08.12.2022<br>₹31350/- |
| 2 | 133/2022-23<br>വയോജനങ്ങൾക്ക് സാന്ത്വന പരിചരണം – ജെറിയാട്രിക്സ് | ₹715489/- | 221006630012701081987/ 24.1.23<br>₹200000/- |
| | | | 22100663012701381180/17.03.2023<br>₹315489 |
| | | | 22100663012700582833/28.09.2022<br>₹200000/- |
| ആകെ | | | ₹1215489 |

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ.(സാധാ) നം. 553/2019/തസ്വഭവ/തീയതി 07-03-2019)യിലെ ഖ. 3.2 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് തങ്ങൾക്ക് കൈമാറിയിട്ടുള്ള താലൂക്ക് ആശുപത്രി, സി.എച്ച്.സി എന്നിവ കേന്ദ്രീകരിച്ച് വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത മാർഗ്ഗരേഖയിലെ ഖ. 3.4 പ്രകാരം ജില്ലാ പഞ്ചായത്താണ് ജില്ലാ ആശുപത്രി കേന്ദ്രീകരിച്ച് വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത്. ആയുർവ്വേദ വിഭാഗത്തിൽ മാത്രമായി വിദഗ്ധ പാലിയേറ്റീവ് പരിചരണം നടത്തുന്നതിന് 14-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും നിർദ്ദേശിക്കുന്നില്ല. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയ്ക്കും പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖക്കും വിരുദ്ധമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(നം 6/20.06.2023)ത്തിന് ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷങ്ങളിലും നടപ്പാക്കിയിരുന്ന മാതൃക പദ്ധതിയാണിത് എന്നും ഇടുക്കി ബ്ലോക്ക് പഞ്ചായത്തിലെ 6 ഗ്രാമപഞ്ചായത്തുകളിലുള്ള കിടപ്പ് രോഗികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് എന്നും ഭൂപ്രകൃതി അനുസരിച്ച് റോഡ് ഗതാഗതം ഇല്ലാത്തതും ദുർഘടമായ പാതകൾ താണ്ടിയാണ് രോഗികൾ ചികിത്സക്ക് എത്തേണ്ടത് എന്നും ആയതിനാൽ കിടപ്പ് രോഗികളായവർക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാകാത്ത സാഹചര്യം നിലവിലുള്ളതിനാലാണ് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയത് എന്നും അറിയിച്ചിരിക്കുന്നു. ജില്ലാ ആയുർവേദാശുപത്രി ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ ഉൾപ്പെടാത്തതിനാലും പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ പദ്ധതിയായതിനാലും ₹12,15,489/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-10 ഐ.എ.വൈ. ലോൺ തിരിച്ചടവ് - തിരിച്ചടവിൽ ഗുരുതരമായ വിഴ്ച വരുത്തിയത് മൂലം വൻനഷ്ടം

| | |
|---|---|
| പ്രോജക്ട് നം. | 68/23, 185/23 |
| ബിൽ നം. | 22100663011900871312/തീ.06.12.2022 ₹447500/-<br>22100663011900871315/തീ. 06.12.2022 ₹1000000/- |

ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിക്കായി 11.25% പലിശ നിരക്കിൽ 2013-14 വർഷം ഇടുക്കി ജില്ലാ ബാങ്കിന്റെ വാഴത്തോപ്പ് ബ്രാഞ്ചിൽ നിന്ന് ₹14,25,000/- ലോൺ അനുവദിച്ചിരുന്നു. 31.07.2013ൽ എഗ്രിമെന്റ് തയ്യാറാക്കി ഇതേ തീയതിയിൽ തന്നെ 1200761201220001 നം. ലോൺ അക്കൗണ്ടിൽ ലോൺ തുകയായ ₹14,25,000/- വരവ് വച്ചിരിക്കുന്നു. സ.ഉ(കൈ) നം. 332/13/ത.സ്വ.ഭ.വ./തീയതി. 09.10.2013 ഖണ്ഡിക 6(1) പ്രകാരം ലോൺ തുക (മുതൽ) 10 വർഷം കൊണ്ട് തുല്യ ഗഡുക്കളായി ബ്ലോക്ക് പഞ്ചായത്ത് ഒടുക്കേണ്ടതാണ്. ഓരോ വർഷവും ആഗസ്റ്റ് 31നും ഫെബ്രുവരി 28നും രണ്ട് തവണകളായാണ് തുക ഒടുക്കേണ്ടത്. ഇതിനായി വികസനഫണ്ട് (ജനറൽ, എസ്.സി.പി, ടി.എസ്.പി) എന്നിവ ഉപയോഗിക്കാവുന്നതുമാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം പലിശ ഒടുക്കേണ്ടത് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഡയറക്ടറാണ്.

ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ലോൺ തിരിച്ചടവിലും കണക്കുകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായി വീഴ്ചകൾ വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ ലോൺ തുക, പലിശ, തിരിച്ചടവ്, അവശേഷിക്കുന്ന തുക എന്നീ വിവരങ്ങളടങ്ങുന്ന ലോൺ

രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തിരിച്ചടവ് വിവരങ്ങൾ ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്ന് മാത്രമാണ് ലഭ്യമാകുന്നത്.


2. മുതൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു

സർക്കാർ ഉത്തരവ് പ്രകാരവും കരാർ പ്രകാരവും എല്ലാ വർഷവും രണ്ട് തവണകളായാണ് മുതൽ ഒടുക്കേണ്ടത്. എന്നാൽ 2013-14 മുതൽ 2019-20 വരെയുള്ള കാലയളവിൽ വായ്പ തുക തിരിച്ചടച്ചിട്ടില്ല. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 06.07.2020ൽ മാത്രമാണ് ആണ് ആദ്യ ഗഡുവായി ₹5,00,000/- ഒടുക്കിയിരിക്കുന്നത്. തുടർന്ന് 2022-23 വർഷം പലിശ ഉൾപ്പെടെ ₹1427500/- ഒടുക്കിയിരിക്കുന്നു. കൂടാതെ മുതൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ സ.ഉ.(സാധാ)നം. 43/2020/ധന./തീയതി. 01/01/2021 ഖണ്ഡിക 8 പ്രകാരം വികസന ഫണ്ടിൽ നിന്ന് സർക്കാർ നേരിട്ട് ₹.4,97,500/- കുറവ് ചെയ്തു. പ്രസ്തുത വിവരം 05.03.2021 ലെ ബാങ്ക് അക്കൗണ്ടിൽ ഉൾപ്പെടുത്തി കരാർ പ്രകാരമുള്ള മുതൽ വർഷം തോറും ഒടുക്കാത്തതിനാൽ പലിശ ഇനത്തിൽ തന്നെ വൻ തുക ബാധ്യതയായി വന്നു. 30.09.2022 വരെ ബാങ്ക് കണക്കാക്കിയിരിക്കുന്ന പലിശ ₹13,82,373/- ആണ്. ഇതിന്റെ കൃത്യത ബ്ലോക്ക് പഞ്ചായത്ത് പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് കൃത്യമായി മുതൽ ഒടുക്കാത്തത് മൂലമുണ്ടായ പലിശ നഷ്ടത്തിന് ഉത്തരവാദി അതത് സമയത്തെ ഭരണ സമിതിയും സെക്രട്ടറിയുമാണ്.

കൃത്യമായി മുതലടച്ചാൽ 11.25% നിരക്കിൽ ഒടുക്കേണ്ട പലിശയുടെ വിവരം താഴെ ഉൾപ്പെടുത്തുന്നു.

| മുതൽ | കാലയളവ് | | ആകെ ദിവസങ്ങൾ | ഒടുക്കേണ്ട മുതൽ (₹) | പലിശ തുക ₹ | അവശേഷിക്കുന്ന മുതൽ |
|---|---|---|---|---|---|---|
| | From | To | | | | |
| 1425000 | 30/07/13 | 31/08/13 | 32 | 71250 | 14,054.79 | 1353750 |
| 1353750 | 01/09/13 | 28/02/14 | 180 | 71250 | 75,105.31 | 1282500 |
| 1282500 | 01/03/14 | 31/08/14 | 183 | 71250 | 72,338.27 | 1211250 |
| 1211250 | 01/09/14 | 28/02/15 | 180 | 71250 | 67,199.49 | 1140000 |
| 1140000 | 01/03/15 | 31/08/15 | 183 | 71250 | 64,300.68 | 1068750 |
| 1068750 | 01/09/15 | 28/02/16 | 180 | 71250 | 59,293.66 | 997500 |
| 997500 | 29/02/16 | 31/08/16 | 184 | 71250 | 56,570.55 | 926250 |
| 926250 | 01/09/16 | 28/02/17 | 180 | 71250 | 51,387.84 | 855000 |
| 855000 | 01/03/17 | 31/08/17 | 183 | 71250 | 48,225.51 | 783750 |
| 783750 | 01/09/17 | 28/02/18 | 180 | 71250 | 43,482.02 | 712500 |
| 712500 | 01/03/18 | 31/08/18 | 183 | 71250 | 40,187.93 | 641250 |
| 641250 | 01/09/18 | 28/02/19 | 180 | 71250 | 35,576.20 | 570000 |
| 570000 | 01/03/19 | 31/08/19 | 183 | 71250 | 32,150.34 | 498750 |
| 498750 | 01/09/19 | 28/02/20 | 180 | 71250 | 27,670.38 | 427500 |
| 427500 | 29/02/20 | 31/08/20 | 184 | 71250 | 24,244.52 | 356250 |
| 356250 | 01/09/20 | 28/02/21 | 180 | 71250 | 19,764.55 | 285000 |
| 285000 | 01/03/21 | 31/08/21 | 183 | 71250 | 16,075.17 | 213750 |
| 213750 | 01/09/21 | 28/02/22 | 180 | 71250 | 11,858.73 | 142500 |
| 142500 | 01/03/22 | 31/08/22 | 183 | 71250 | 8,037.59 | 71250 |
| 71250 | 01/09/22 | 28/02/23 | 180 | 71250 | 3,952.91 | 0 |
| ആകെ | | | | | 771,476.46 | |

കൃത്യമായി മുതൽ തിരിച്ചടച്ചാൽ 28/02/2023 വരെ അടവാക്കേണ്ട ആകെ പലിശ ₹7,71,476.46 മാത്രമായിരുന്നു എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ കണക്കാക്കിയിരിക്കുന്ന പലിശ ₹13,82,373/- ആണ്. എന്നാൽ ബാങ്ക് നൽകിയ സാക്ഷ്യപത്രപ്രകാരം 31.01.2023 വരെ മുതൽ ഇനത്തിൽ തുകയൊന്നും ഒടുക്കാൻ അവശേഷിക്കില്ല. പലിശ ഇനത്തിൽ ഒടുക്കാൻ അവശേഷിക്കുന്ന തുക ₹4,08,301/-യും ആണ്.



ഐ.എ.വൈ ഭവന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത വായ്പയുടെ 31.07.2022 വരെയുള്ള പലിശ സംബന്ധിച്ച വിവരം

| ക്രമ നം | ജില്ലയുടെ പേര് | ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | വായ്പയെടുത്ത ബാങ്കിന്റെ പേരും വിലാസവും | ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | ഏതു വർഷത്തേക്ക് | വായ്പ എടുത്ത തുക | വായ്പ തുകയിൽ തിരിച്ചടച്ച തുക (തുകയുടെ സോഴ്സ് വ്യക്തമാക്കണം) | ഇനി തിരിച്ചടയ്ക്കാനുള്ള വായ്പ തുക | 31-01-2023 ~~31.07.2022~~ വരെ പലിശ ഇനത്തിൽ ലഭിക്കേണ്ടതായ തുക |
|---|---|---|---|---|---|---|---|---|---|
| 1 | [illegible] | [illegible] | [illegible] | [illegible] | | 1425000 | 1425000 | — 0 — | 408301.00 (Rs Four lakh Eight Thousand Three Hundred and One only) |

For THE KERALA STATE CO-OPERATIVE BANK LTD.

Manager

ആകെ ഒടുക്ക് വരുത്തിയിരിക്കുന്ന തുക (500000+427500+1000000+497500) ₹2425000/- ആണ്. ബാങ്ക് സാക്ഷ്യപത്രം കൂടി പരിഗണിക്കുമ്പോൾ ബാങ്കിന് ആകെ അർഹതപ്പെട്ട തുകയായി കണക്കാക്കിയിരിക്കുന്നത് (2425000+408301) ₹28,33,301/- ആണ്.

| | |
|---|---|
| കൃത്യമായി ഒടുക്കിയാൽ മുതലും പലിശയും കൂടി ആകെ ഒടുക്കേണ്ട തുക (28/02/2023 വരെയുള്ള കണക്ക്) | 1425000+771,476.46= ₹2196476.46/- |
| പലിശ ഉൾപ്പെടെ ഒടുക്കിയ തുകയും ഒടുക്കാൻ അവശേഷിക്കുന്ന തുകയുംകൂടി ആകെ (31/01/2023വരെയുള്ള കണക്ക്) | 2425000+408301=₹2833301/- |
| അധികം | ₹636824.54 |

കൃത്യമായി തുക ഒടുക്കാത്തതിനാൽ ₹636824.54 നഷ്ടം സംഭവിച്ചിരിക്കുന്നു. പഞ്ചായത്തിന്റെ ധനപരമായ കാര്യങ്ങൾ പഞ്ചായത്ത് കമ്മറ്റിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും വിശദമായി ചർച്ചചെയ്യേണ്ടതാണ്. പ്രത്യേകിച്ച് ബാങ്ക് വായ്പകൾ പോലുള്ളവയുടെ അടവിൽ ദീർഘകാലം വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ഭരണ സമിതിയുടെ പൂർണ്ണ അറിവോടുകൂടി മാത്രമായിരിക്കും. എന്നതിനാൽ ഭരണസമിതിക്ക് ഇക്കാര്യത്തിലുണ്ടായ വായ്പ തിരിച്ചടവിലുണ്ടായ വീഴ്ചയിൽ നിന്ന് മാറി നിൽക്കാനാവില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ ഉത്തരവാദികൾ അതത് സമയത്തെ ഭരണ സമിതിയും സെക്രട്ടറിമാരുമാണ്.

3. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പലിശ ബ്ലോക്ക് പഞ്ചായത്ത് ഒടുക്കിയിരിക്കുന്നു

സർക്കാർ ഉത്തരവ് പ്രകാരം ലോൺ തുകയായ ₹14,25,000/- മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് ഒടുക്കേണ്ടത്. പലിശ ഇനത്തിലുള്ള തുക ഒടുക്കേണ്ടത് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഡയറക്ടറാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പലിശ ഉൾപ്പെടെ നാളിതുവരെയായി ₹24,45,000/- വികസന ഫണ്ടിൽ നിന്ന് ഒടുക്കി.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് അധിക തുക ഒടുക്കാനുണ്ടായ സാഹചര്യവും വർഷം തോറും ലോൺ ഗഡുക്കൾ അടയ്ക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.10/22.06.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പലിശ ഇനത്തിൽ ₹.6,36,824.54/- നഷ്ടം സംഭവിച്ചിരിക്കുന്നതിന്റെ ഉത്തരവാദികൾ അതത് സമയത്തെ ഭരണ സമിതിയും സെക്രട്ടറിമാരുമാണ്. ഇവരിൽ നിന്ന് തുക ഈടാക്കേണ്ടതാണ്.

1-11 ദൈനംദിന ഓഫീസ് ചെലവ് - ചട്ടങ്ങൾ പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് | 123/23<br>എ.ഡി.എ. ഓഫീസ് ദൈനംദിന പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹.50,000/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ചെലവ് | ₹.50,000/-<br>1)221006630118O1261404/28.02.2023, ₹.38,140/-<br>2)22100663011801536759/28.03.2023, ₹.11,860/- |

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ദൈനംദിന ഓഫീസ് ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വിവിധ ചെലവുകൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ള മറ്റ് വ്യക്തികളുടെ അക്കൗണ്ടിലേക്ക് തുക മാറിയതായി കാണുന്നു. ഉദാഹരണത്തിന് ഓഫീസ് ഭക്ഷണച്ചെലവിനായി വിനായക ഹോട്ടലിന്റെ പേരിൽ ₹21,216/-യുടെ ബിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും ₹2,160/- മാത്രമാണ് ഹോട്ടലിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളത്. ചെലവുകൾക്ക് പണം നേരിട്ട് നൽകുന്നത് പരമാവധി ഒഴിവാക്കേണ്ടതാണെന്നും അത്യാവശ്യമായി വരുന്ന സാഹചര്യത്തിൽ ഓരോ ചെലവിനും പരമാവധി ₹1,000/- മാത്രമേ പണമായി നേരിട്ട് നൽകാവൂ എന്നും 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 34(4)ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിരിക്കുന്നു. മാത്രമല്ല ദൈനംദിന ഓഫീസ് ചെലവിനായി അനുവദിക്കുന്ന തുക ഓഫീസ് വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, ഓഫീസ് സ്റ്റേഷനറി വാങ്ങൽ തുടങ്ങിയവയ്ക്കാണ് ഉപയോഗിക്കുന്നത് എന്നിരിക്കെ അനുവദിച്ച തുകയിൽ നല്ലൊരു ഭാഗവും ജീവനക്കാരുടെ പ്രതിമാസ യോഗങ്ങളുടെ ഭക്ഷണ ചെലവുകൾക്ക് ഉപയോഗിക്കുന്നത് അനുചിതമാണ്. ഇക്കാര്യങ്ങൾ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-12 പട്ടിക വർഗ്ഗ വിഭാഗത്തിന് സേവനം ലഭ്യമാക്കുന്ന യാതൊരു പദ്ധതിയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ 2022-23 സാമ്പത്തിക വർഷം പട്ടിക വർഗ്ഗ വിഭാഗത്തിന് സേവനം ലഭ്യമാക്കുന്ന യാതൊരു പദ്ധതിയും നടപ്പാക്കിയില്ല. എക്സ്റ്റൻഷൻ ഓഫീസിന് ഫർണിച്ചർ, ദൈനംദിന ചെലവുകൾ എന്നീ പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 126/23, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതി വിഭാവനം ചെയ്ത് ഏറ്റെടുത്തിരുന്നെങ്കിലും ദേശീയ അന്തർദേശീയ സർവ്വകലാശാലകളിൽ മെറിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്കാണ് തുക അനുവദിക്കേണ്ടതെന്നും കൂടാതെ വകുപ്പിൽ നിന്നും ആനുകൂല്യം ലഭിക്കുന്നില്ലാ എന്ന നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണെന്നും നിലവിൽ എല്ലാ കോഴ്സിനും വകുപ്പിൽ നിന്നും ഇ-ഗ്രാന്റ് മുഖേന ആനുകൂല്യം നൽകുന്നുണ്ടെന്നും നിലവിൽ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായിട്ടുള്ളവരെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലയെന്നും കാരണം കാണിച്ച് പ്രസ്തുത പദ്ധതി റിവൈസ് ചെയ്യാവുന്നതാണെന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് 16.01.2023ൽ കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു. എന്നാൽ പകരം പദ്ധതി ഏറ്റെടുക്കുന്നതിന് യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. പദ്ധതി വിഭാവനം ചെയ്യുമ്പോൾ അവ നിർവ്വഹണ യോഗ്യമാണെന്ന് ഉറപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായി. സാമ്പത്തിക വർഷം പട്ടിക വർഗ്ഗ വിഭാഗത്തിന് മറ്റ് പദ്ധതികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 19.06.2023ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 3) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യം ഭരണ സമിതി വിലയിരുത്തേണ്ടതും തുടർ വർഷങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അതത് മേഖലയിൽ പ്രായോഗികതയുള്ള പദ്ധതികൾ

നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-13 താന്നിക്കണ്ടം വനിതാ തൊഴിൽ പരിശീലനകേന്ദ്രം - ഒന്നര കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ലക്ഷ്യം കൈവരിച്ചില്ല

വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽപ്പെട്ട താന്നിക്കണ്ടം എന്ന സ്ഥലത്ത് വനിത തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുക എന്ന ഉദ്ദേശ്യത്തോടെ നിർമ്മിച്ച ബഹുനില കെട്ടിടം ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാല്ക്കരിക്കാതെ നിലവിൽ വാടകയ്ക്ക് നല്കിയിരിക്കുന്നതായി കാണുന്നു. തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുന്നതിന് അനിവാര്യ ഘടകമായ റോഡ് സൗകര്യത്തിന്റെ അഭാവം മൂലമാണ് കോടികൾ മുടക്കി നിർമ്മിച്ച കെട്ടിടം വാടകയ്ക്ക് നൽകേണ്ട അവസ്ഥയിലെത്തിച്ചത്.

കെട്ടിട നിർമ്മാണത്തിന് പല വർഷങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പദ്ധതി നം. | ചെലവഴിച്ച തുക ₹ | റിമാർക്സ് |
|---|---|---|---|
| 2015-16 | 75/16 | 834121 | കെട്ടിടത്തിന്റെ താഴത്തെ രണ്ട് നിലകളുടെ നിർമ്മാണത്തിനായി ചെലവഴിച്ച തുക |
| 2015-16 | 42/16 | 877200 | |
| 2015-16 | 41/16 | 968999 | |
| 2015-16 | 77/16 | 399400 | |
| 2017-18 | 19/18 | 1384036 | |
| 2017-18 | 65/18 | 2177884 | |
| 2018-19 | 52/19 | 1444407 | |
| 2018-19 | 115/19 | 1049116 | |
| 2020-21 | 86/21 | 299867 | |
| 2020-21 | 97/21 | 1379208 | |
| 2020-21 | 94/21 | 1144156 | |
| 2020-21 | 114/21 | 742730 | |
| 2020-21 | 116/21 | 744779 | |
| | ആകെ | 13445903 | |
| 2021-22 | 124/21 | 1185327 | ഫർണിച്ചറുകൾ വാങ്ങുന്നതിനായുള്ള ചെലവ് |
| 2022-23 | 103/23 | 301764 | താന്നിക്കണ്ടം തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം ബിൽ ഐ.ഡി. 2210066301200l532048 |
| | ആകെ | 14932994 | |

₹1,34,45,903/- മുടക്കി കെട്ടിടത്തിന്റെ രണ്ട് നിലകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഏറ്റവും താഴത്തെ നിലയിൽ ചക്കയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉൽപാദിക്കുന്ന ഒരു പരിശീലന കേന്ദ്രം തുടങ്ങുന്നതിനു ലക്ഷ്യം വെച്ചിരുന്നെങ്കിലും ഇതുവരെ ഫലപ്രാപ്തിയിൽ എത്തിയില്ല. തുടർന്ന് 2018-19ൽ പ്രോജക്ട് നം.107/19 പ്രകാരം ₹26,34,026/- മുടക്കി മെറ്റിരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിനായി മൂന്നാം നിലയും നിർമ്മിച്ചിരിക്കുന്നു. മൂന്നാം നില ഇതിന് അനുയോജ്യമല്ലാത്തതിനാൽ കെട്ടിട നിർമ്മാണം നടത്തിയതിന് ശേഷം ഈ ലക്ഷ്യത്തിൽ നിന്ന് പിൻമാറി. തുടർന്ന് 2020-21ൽ ₹11,86,317/- ചെലവഴിച്ച് ഇതിലേയ്ക്കാവശ്യമായ ഫർണിച്ചറുകളായ എക്സിക്യൂട്ടീവ് കസേരകൾ, ബെഞ്ചുകൾ, ഡെസ്കുകൾ, തടി കസേരകൾ, സാധാരണ മേശകൾ തുടങ്ങിയവ വാങ്ങി. ഇതിന്റെ ആവശ്യകത വ്യക്തമല്ല.

തൊഴിൽ പരിശീലനകേന്ദ്രം തുടങ്ങുന്നതിന് ഒട്ടും അനുയോജ്യമായ സ്ഥലത്തല്ല നിലവിൽ കെട്ടിടം സ്ഥിതി ചെയ്യുന്നത്. ഗതാഗതം ബുദ്ധിമുട്ടുള്ളതും പ്രധാന പാതകളിൽ നിന്ന് വളരെ അകലെ സ്ഥിതി ചെയ്യുന്നതുമായ കെട്ടിടത്തിലേയ്ക്ക് എത്തിച്ചേരാൻ ദുർഘടമായ വഴികളാണ് നിലവിലുള്ളത്. വൻ തുക ചെലവഴിച്ചാൽ മാത്രമേ എല്ലാ വാഹനങ്ങൾക്കും കടന്നുവരാവുന്ന രീതിയിലുള്ള റോഡ് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കൂ. വ്യക്തമായ ആസൂത്രണമില്ലാതെ കെട്ടിട നിർമ്മാണവും വാങ്ങൽ പ്രക്രിയയും നടത്തിയത് മൂലം പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. നിലവിൽ ബ്ലോക്ക് പഞ്ചായത്തിന് വ്യക്തമായ പരിശീലന പദ്ധതികൾ ഇല്ലാത്തതിനാൽ ഒന്ന് രണ്ട് നിലകൾ റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് വേണ്ടി യൂണിയൻ ബാങ്കിന് ജൂലൈ 2022 മുതൽ ₹24,000/- മാസ വാടകയ്ക്ക് നൽകിയിരിക്കുകയാണ്.

കൂടാതെ പരിശീലന പരിപാടികൾക്കായി യൂണിയൻ ബാങ്കിനെ ഏൽപ്പിച്ചതിലൂടെ വാങ്ങിയ ഫർണിച്ചറുകൾ ഉപയോഗപ്പെടുത്താനാവാത്ത അവസ്ഥ നിലവിലുണ്ട്. വ്യക്തമായ പരിശീലന പദ്ധതികൾ ആസൂത്രണം ചെയ്യാതെയാണ് ഇത്രയധികം ചെലവ് ചെയ്ത് കെട്ടിട നിർമ്മാണം നടത്തുകയും ഫർണിച്ചറുകൾ വാങ്ങുകയും ചെയ്തിരിക്കുന്നത്. ഇത് ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുകയും പിന്നീട് പ്രധാന ലക്ഷ്യത്തിൽ നിന്ന് മാറി അത് വാടകയ്ക്ക്നൽകി വരുമാനമാർഗ്ഗം എന്ന രീതിയിൽ മാത്രം ഉപയോഗിക്കുകയും ചെയ്യുന്നത് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. വികസന ഫണ്ട് ചെലവഴിക്കുന്നതിന് മാത്രമായി വ്യക്തമായ ആസൂത്രണമില്ലാതെ പദ്ധതികൾ നടപ്പാക്കുന്നത് മൂലം അത് പാഴ്ച്ചെലവായി മാറുകയും സംസ്ഥാന സർക്കാർ ഫണ്ടിന് വ്യക്തമായ നഷ്ടം സംഭവിക്കുകയും ചെയ്യുന്നതിന് ഉത്തമ ഉദാഹരണമാണിത്. ഇതിനായി ചെലവഴിച്ച പണം പാഴായി പോകാതിരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്. കെട്ടിടത്തിന്റെ നിലവിലെ ഫോട്ടോ ഉൾപ്പെടുത്തുന്നു.



1-14 കാഞ്ഞാർ വാട്ടർ തീം പാർക്ക് പ്രയോജനപ്രദമാക്കിയില്ല

2014-15 ൽ ആരംഭിച്ച പദ്ധതിക്കായി 2021-22 വർഷം വരെ 38 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും നാളിതുവരെ പദ്ധതി പ്രയോജനപ്പെടുത്താൻ സാധിക്കാതെ കാടുകയറി നശിച്ചുകൊണ്ടിരിക്കുന്നു. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി പ്രദേശത്തിന് സമീപത്തായി ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് ഇത്രയേറെ തുക പദ്ധതിക്കായി ചെലവഴിച്ചത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിനില്ലാത്തതിനാൽ അടിസ്ഥാന സൗകര്യങ്ങൾക്കാവശ്യമായ കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള പെർമിറ്റുകൾ

ലഭിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നു. വിവിധ വർഷങ്ങളിൽ പദ്ധതിക്കായി 38 ലക്ഷം രൂപ ചെലവഴിച്ചതായി പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2022ലെ 2-10 നമ്പർ തീരുമാനത്തിൽ സൂചിപ്പിക്കുന്നു. കാഞ്ഞാർ വാട്ടർ തീം പാർക്കിന്റെ നിലവിലെ സ്ഥിതി കാണിക്കുന്ന ഫോട്ടോ ഉൾപ്പെടുത്തുന്നു.



പദ്ധതി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സജ്ജമാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

### 1-15 എ.ഡി.എ. ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സാധനങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കുവാൻ കഴിഞ്ഞില്ല

| | |
|---|---|
| പ്രോജക്റ്റ് | 146/23, എ.ഡി.എ. ഓഫീസിന് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും |
| അടങ്കൽ | ₹150000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| ചെലവ് | ₹149982/-<br>1) 22100663011801396158/17.03.2023, ₹120882/-<br>2) 22100663011801400567/18.03.2023, ₹29100/- |

മേൽ പദ്ധതി പ്രകാരം എ.ഡി.എ. ഓഫീസിലേക്ക് താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി ₹1,49,982/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവഴിച്ച തുകയ്ക്കുള്ള സാധനങ്ങൾ ലഭിച്ചതായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയതായും ബില്ലിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല.

| ക്രമ നമ്പർ | ഇനം | എണ്ണം | ഇൻവോയ്സ് നം./തീയതി | തുക ₹ | |
|---|---|---|---|---|---|
| 1 | A3 Laserjet -HP | 1 | KMR/22-23/2436/ 17.03.23 | 120882 | KM Technologies |
| 2 | Desktop Computer -HP | 1 | KMR/22-23/2291/ 22.02.23 | 49972 | |
| 3 | LCD Monitor -LG | 1 | 134/22-23/18.02.23 | 7710 | Sunrise Enterprises |
| 4 | UPS 1KV | 1 | UP-764/17.03.23 | 29100 | IGA Tech Industrial Electronics Pvt. Ltd. |
| | UPS Battery 12 V | 2 | | | |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് 22.06.2023ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹1,49,982/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-16 കാൽവരിമൗണ്ട് ടൂറിസം സെന്റർ - ഫലപ്രാപ്തിയിൽ എത്തിയില്ല

വിവിധ വർഷങ്ങളിൽ കാൽവരി മൗണ്ട് ടൂറിസം സെന്ററിനായി ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ | വർഷം | പദ്ധതി നമ്പർ | ചെലവഴിച്ച |
|---|---|---|---|

| നമ്പർ | | | തുക ₹ |
|---|---|---|---|
| 1 | 2017-18 | 28/18 | 3483038 |
| 2 | 2017-18 | 76/18 | 2225385 |
| 3 | 2018-19 | 119/19 | 1011613 |
| 4 | 2018-19 | 34/19 | 2499998 |
| 5 | 2022-23 | 77/23 | 124256 |
| | | ആകെ | 9344290 |

2018-19 വർഷം കെട്ടിടം പണി പൂർത്തീകരിച്ച് ഉത്ഘാടനം നിർവ്വഹിച്ചുവെങ്കിലും നാളിതുവരെ ടൂറിസം സെന്ററായി പ്രവർത്തിപ്പിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടില്ല. കെട്ടിടം നിർമ്മാണം നടത്തി നാല് വർഷം കഴിഞ്ഞതിനാൽ പൂട്ടിക്കിടക്കുന്ന കെട്ടിടത്തിന് വലിയ തുക മുടക്കി മെയിന്റനൻസ് നടത്തിയാൽ മാത്രമേ ഉപയോഗയോഗ്യമാക്കി തീർക്കാൻ സാധിക്കുകയുള്ളൂ.

കാൽവരിമൗണ്ടിൽ സൗജന്യമായി ലഭിച്ച 5 സെന്റ് സ്ഥലത്ത് 4 നിലകളുള്ള ഈ കെട്ടിടത്തിന്റെ നിർമ്മാണം നടത്തുന്നതിന് മുമ്പ് കാമാക്ഷി ഗ്രാമപഞ്ചായത്തിൽ നിന്നുള്ള അനുമതിപത്രം വാങ്ങിയിരുന്നില്ല. കെട്ടിട നിർമ്മാണം ക്രമവല്ക്കരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയെങ്കിലും തീപിടുത്ത സുരക്ഷ സ്റ്റെയർകേസ് ഒരുക്കാത്തതിനാലും വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സ്ഥല പരിമിതി ഉള്ളതിനാലും അനുമതി നിഷേധിച്ചു. തുടർന്ന് 2022 ആഗസ്റ്റ് മാസം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും അനുകൂലമായ മറുപടി ലഭിച്ചില്ല. 2020-21 വർഷം ഇതിനായി വാങ്ങിയ സ്റ്റീൽ മേശകൾ സ്റ്റീൽ കസേരകൾ എൽ.ഇ.ഡി ടി.വി. ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എന്നിവ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. കെട്ടിടം നിരാക്ഷേപകരമായി ഉപയോഗസജ്ജമാക്കുന്നതിന് മുമ്പ് സാധന സാമഗ്രികൾ വാങ്ങി സൂക്ഷിച്ച നടപടിയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. 2022-23 വർഷ പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ ലഭിച്ചിരിക്കുന്നു. എന്നാൽ കുടിവെള്ള സൗകര്യം ഒരുക്കാനായിട്ടില്ല.

സ്ഥലപരിമിതി മൂലം പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിനും തീപിടുത്ത സുരക്ഷ സ്റ്റെയർകേസ് ഒരുക്കുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ₹93,44,290/- മുടക്കി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരിച്ചുവെങ്കിലും അവ പ്രയോജനപ്പെടുത്താൻ സാധിക്കാതെ വന്നത് ആസൂത്രണത്തിലുണ്ടായ ഗുരുതരമായ പിഴവ് മൂലമാണ്. കെട്ടിടം പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതാണ് .

## 1-17 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നം. | പദ്ധതി വിവരം | ബിൽ നമ്പർ/വൗച്ചർ നം. | തുക (₹) |
|---|---|---|---|
| 1 | പത്താംതരം തുല്യതാ പഠിതാക്കളുടെ കോഴ്സ് ഫീസ്<br>പ്രോജക്ട് നമ്പർ 142/23<br>പന്ത്രണ്ടാം തരം തുല്യതാ പഠിതാക്കളായ 7 പേരുടെയും പത്താംതരം തുല്യതാ പഠിതാക്കളായ 14 പേരുടെയും കോഴ്സ് | 18/9-22/28.09.2022 | 43400 |

| | | | |
|---|---|---|---|
| | ഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാമിഷന് നൽകിയ തുക | | |
| 2 | പ്രോജക്ട് നമ്പർ 65/23<br>ഐ.കെ.എം. വിഹിതം നൽകൽ | 22100663011900441350/22.08.2022 | 50000 |
| 3 | ഗ്രാമപഞ്ചായത്തുകളുടെ അഗതി ആശ്രയ പദ്ധതിക്ക് ബ്ലോക്ക് വിഹിതം<br>അറക്കുളം ഗ്രാമപഞ്ചായത്ത് ₹100000/-<br>മരിയാപുരം ഗ്രാമപഞ്ചായത്ത് ₹100000/-<br>പ്രോജക്ട് നം. 70/23 | റിക്വസിഷൻ നം.2006210001220094 ₹100000/-<br>റിക്വസിഷൻ നം.2006210001220102 ₹50000/-<br>റിക്വസിഷൻ നം.5000400902220052 ₹50000/- | 200000 |
| 4 | പ്രോജക്ട് നം. 78/23<br>ലൈഫ് മിഷൻ ബ്ലോക്ക് വിഹിതം | റിക്വസിഷൻ നം. 2006210001220115 (അറക്കുളം ഗ്രാമപഞ്ചായത്ത്) | 800000 |
| | | റിക്വസിഷൻ നം. 2006210001220116 (അറക്കുളം ഗ്രാമപഞ്ചായത്ത്) | 600000 |
| | | റിക്വസിഷൻ നം. 2006210001220118 (കാമാക്ഷി ഗ്രാമപഞ്ചായത്ത്) | 200000 |
| | | റിക്വസിഷൻ നം. 2006210001220119 (വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്) | 120000 |
| | | റിക്വസിഷൻ നം. 2006210001220120 (വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്) | 220000 |
| | | റിക്വസിഷൻ നം. 2006210001220121 (വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്) | 50000 |
| | | റിക്വസിഷൻ നം. 2006210001220111 (വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്) | 320000 |
| | | റിക്വസിഷൻ നം. 2006210001220112 (വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്) | 180000 |
| | | റിക്വസിഷൻ നം. 2006210001220113 (കാമാക്ഷി ഗ്രാമപഞ്ചായത്ത്) | 100000 |
| | | റിക്വസിഷൻ നം. 2006210001220058 (അറക്കുളം ഗ്രാമപഞ്ചായത്ത്) | 660000 |
| | | റിക്വസിഷൻ നം. 2006210001220078 (മരിയാപുരം ഗ്രാമപഞ്ചായത്ത്) | 75263 |
| | | റിക്വസിഷൻ നം. 2006210001220066 (ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്) | 1900000 |
| | | റിക്വസിഷൻ നം. 2006210001220067 (വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്) | 50000 |
| | | റിക്വസിഷൻ നം. 2006210001220069 (അറക്കുളം ഗ്രാമപഞ്ചായത്ത്) | 560000 |
| | | റിക്വസിഷൻ നം. 2006210001220033 (വാത്തിക്കുടി ഗ്രാമപഞ്ചായത്ത്) | 210000 |
| | | റിക്വസിഷൻ നം. 2006210001220053 (ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്) | 190000 |
| | | റിക്വസിഷൻ നം. 2006210001220040 (വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്) | 180000 |
| | | റിക്വസിഷൻ നം. 2006210001220028 (അറക്കുളം ഗ്രാമപഞ്ചായത്ത്) | 370000 |
| | | റിക്വസിഷൻ നം. 2006210001220131 (വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്) | 26868 |
| | | ആകെ | 6812131 |
| 5 | (എസ്.സി.പി) 79/23<br>ലൈഫ് മിഷൻ ബ്ലോക്ക് വിഹിതം | റിക്വസിഷൻ നം. 2006210001220129 (വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്) | 160000 |
| | | റിക്വസിഷൻ നം. 2006210001220133 | 530000 |

| | | |
|---|---|---|
| | (ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്) | |
| | റിക്വസിഷൻ നം. 2006210001220134 (ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്) | 40000 |
| | റിക്വസിഷൻ നം. 2006210001220029 (ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്) | 365000 |
| | റിക്വസിഷൻ നം. 2006210001220042 (ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്) | 390000 |
| | റിക്വസിഷൻ നം. 2006210001220057 (ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്) | 470000 |
| | റിക്വസിഷൻ നം. 2006210001220079 (മരിയാപുരം ഗ്രാമപഞ്ചായത്ത്) | 24737 |
| | റിക്വസിഷൻ നം. 2006210001220114 (അറക്കുളം ഗ്രാമപഞ്ചായത്ത്) | 400000 |
| | റിക്വസിഷൻ നം. 2006210001220097 (ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്) | 230000 |
| | റിക്വസിഷൻ നം. 2006210001220117 (ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്) | 520000 |
| | ആകെ | 3129737 |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹1,02,35,268/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ചെലവഴിക്കാത്ത തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചില്ല

2021-22-ൽ തയ്യാറാക്കിയ ചക്ക, മറ്റ് പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്ലാന്റ് സ്ഥാപിക്കൽ (88/22) എന്ന പദ്ധതി സംയുക്ത പദ്ധതിയായി നടപ്പാക്കുന്നതിന് താഴെ പറയും പ്രകാരം ₹19,00,000/- വിവിധ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

| ക്രമ നം. | തുക നൽകിയ പഞ്ചായത്തിന്റെ പേര് | തുക ₹ | തിരിച്ച് സർക്കാരിലേയ്ക്ക് ഒടുക്കിയ തുക |
|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് | 1200000 | -- |
| 2 | അറക്കുളം ഗ്രാമ പഞ്ചായത്ത് | 300000 | ₹300000/- ചെലാൻ നം. KL003775490202223M 11.05.2022-ൽ ഒടുക്കിയിട്ടുണ്ട് |
| 3 | മരിയാപുരം ഗ്രാമ പഞ്ചായത്ത് | 100000 | ₹100000/- ചെലാൻ നം. KL25004714202122M 26.02.2022-ൽ ഒടുക്കിയിട്ടുണ്ട് |
| 4 | കാമാകഷി ഗ്രാമ പഞ്ചായത്ത് | 300000 | -- |
| | ആകെ | 1900000 | |

പ്രോജക്ട് പ്രായോഗികമല്ലായെന്ന വിലയിരുത്തലിനെ തുടർന്ന് (ഭരണ സമിതിയുടെ 14.12.2021ലെ 1(7) നമ്പർ തീരുമാനം) സെക്രട്ടറി പ്രോജക്ട് ഉപേക്ഷിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (13.04.2022-ലെ പി-1004/2020 നമ്പർ നടപടി ക്രമങ്ങൾ). വിശദാംശങ്ങൾ വിഹിതം നൽകിയ സ്ഥാപനങ്ങളെ അറിയിക്കുകയും അറക്കുളം, മരിയാപുരം, കാമാക്ഷി ഗ്രാമ പഞ്ചായത്തുകൾ നൽകിയ തുകകൾ സർക്കാരിലേക്ക് ഒടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാപഞ്ചായത്ത് കാമാക്ഷി ഗ്രാമ പഞ്ചായത്ത് എന്നിവ എന്നിവ തിരികെ ഒടുക്കുവാൻ ലഭ്യമാക്കിയ തുകകൾ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. ജില്ലാപഞ്ചായത്ത് വിഹിതം പലിശ സഹിതം ധനകാര്യ വകുപ്പ് പരിശോധന വിഭാഗത്തിന്റെ 03.03.2023-ലെ അന്വേഷണക്കുറിപ്പ് (നം. 1) ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ തിരിച്ചടച്ചിട്ടില്ല. പ്രസ്തുത തുകകൾ യഥാവിധി സർക്കാരിലേയ്ക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 ജല ലഭ്യത ഉറപ്പ് വരുത്താതെ ടോയ്‌ലറ്റ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കി

ജല ലഭ്യത ഉറപ്പ് വരുത്താതെ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം വിവിധ ശുചിത്വ സമുച്ചയ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് മിനി സ്റ്റേഡിയം ടോയ്‌ലറ്റ് നിർമ്മാണം

| പ്രോജക്ട് നം. | 53/23 | | റിമാർക്സ് |
|---|---|---|---|
| പദ്ധതി അടങ്കൽ | ₹500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | | ജലനിധി പദ്ധതി മുഖേന ജല സൗകര്യം ഏർപ്പെടുത്തുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതെങ്കിലും വിവരങ്ങൾ ലഭ്യമല്ല |
| കരാറുകാരൻ | ആരോമൽ ജാൻസൻ | | |
| അളവ് ബുക്ക് | 5/22-23 | | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക | |
| | 221006630120000402942/10.8.22 | ₹458658/- | |

2. പഴയരിക്കണ്ടം സാനിറ്ററി കോംപ്ലക്സിന് ടോയ്‌ലറ്റ്

| പ്രോജക്ട് നം. | 48/23 | | റിമാർക്സ് |
|---|---|---|---|
| പദ്ധതി അടങ്കൽ | ₹500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | | നിലവിൽ ജലസൗകര്യമില്ലാത്ത പദ്ധതിയിൽ വെള്ളം എത്തിക്കുന്നതിനായി പദ്ധതി തയ്യാറാക്കുമെന്നാണ് പ്രോജക്ടിൽ പരാമർശിച്ചിരിക്കുന്നത് |
| കരാറുകാരൻ | ജിതിൻ ജോർജ്ജ് | | |
| അളവ് ബുക്ക് | 329/21-22 | | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക | |
| | ചെക്ക്നം 41351/30.3.22 | ₹269687/- | |
| | ചെക്ക് നം. 26169/3.10.22 | ₹144135/- | |

3. വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് ചെമ്പകപ്പാറ ടൗൺ ടോയ്‌ലറ്റ് നിർമ്മാണം

| പ്രോജക്ട് നം. | 56/23 | |
|---|---|---|
| പദ്ധതി അടങ്കൽ | ₹600000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| കരാറുകാരൻ | ജിമ്മി പൗലോസ് | |
| അളവ് ബുക്ക് | 348/21-22 | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക |
| | ചെക്ക് നം. 14648/18.10.22 | ₹494549/- |

4. പുന്നയാർ വെള്ള ചാട്ടം ടോയ്‌ലറ്റ് പൂർത്തീകരണം

| പ്രോജക്ട് നം. | 19/23 |
|---|---|
| പദ്ധതി അടങ്കൽ | ₹500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | | |
|---|---|---|
| കരാറുകാരൻ | അനീഷ് കുമാർ കെ. എസ്. | |
| അളവ് ബുക്ക് | 68194/22-23 | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക |
| | ചെക്ക് നം. 17773/02.02.23 | ₹387969/- |

5. പൊന്നെടുത്താൻ കമ്മ്യൂണിറ്റി ഹാളിന് ടോയ്‌ലറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് നം. | 151/23 | |
| പദ്ധതി അടങ്കൽ | ₹500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| കരാറുകാരൻ | റെജി പി. എസ്. | |
| അളവ് ബുക്ക്(ഇ-ബുക്ക്) | 42770/22-23 | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക |
| | 221006630120011269 36/02.02.23 | ₹369968/- |

പൊതുജനങ്ങളുടെ ഉപയോഗത്തിനായി ടോയ്‌ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ജലലഭ്യത ഇല്ലാത്തത് മൂലം പദ്ധതി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/21.06.23) മറുപടി നൽകിയിട്ടില്ല. ജല സൗകര്യമേർപ്പെടുത്തി പദ്ധതികൾ പൊതുജനത്തിന് ഉപയോഗപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-20 അഞ്ചുകുടി ചെമ്പക പാറ കുടിവെള്ള പദ്ധതി - പദ്ധതി പൂർത്തീകരിച്ചില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നം. | 153/23 | |
| പദ്ധതി അടങ്കൽ | ₹672247/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| കരാറുകാരൻ | അനീഷ് കുമാർ കെ. എസ്. | |
| അളവ് ബുക്ക്(ഇ-ബുക്ക്) | 79697/23 | |
| പദ്ധതി ചെലവ് | ചെക്ക് നം./തീയതി | തുക |
| | 26072/30.02.23 | 451023/- |

കിണർ കുഴിച്ച് വശങ്ങൾ കോൺക്രീറ്റ് ചെയ്യൽ, മുകളിൽ സംരക്ഷണ നെറ്റ് സ്ഥാപിക്കൽ എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതിയാണിത്. പാർട്ട് ബില്ലിനത്തിൽ കരാറുകാരന് ₹4,51,023/- നൽകിയെങ്കിലും കിണർ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരണത്തിനാവശ്യമായ പമ്പ് ഹൗസ്, ടാങ്ക്, ജല വിതരണ പൈപ്പ് ലൈൻ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നെങ്കിലും തൻവർഷം ഗ്രാമ പഞ്ചായത്തിൽ പദ്ധതികളൊന്നും ഏറ്റെടുത്തില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/21.06.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 പ്രവൃത്തി സ്ഥലത്ത് നിന്നും ലഭ്യമായ സാധന സാമഗ്രികൾ ലേലം ചെയ്തു നൽകിയ വിശദാംശങ്ങൾ ലഭ്യമല്ല

താന്നിക്കണ്ടം തൊഴിൽ പരിശീലന കേന്ദ്രം, പഞ്ചായത്ത് കോൺഫ്രൻസ് ഹാൾ, CHC വാത്തിക്കുടി എന്നിവയുടെ അറ്റകുറ്റ പണികളുടെ ഭാഗമായി പ്രവൃത്തി സ്ഥലത്ത് നിന്നും ലഭ്യമായ സാധന സാമഗ്രികൾ ലേലം ചെയ്ത് നൽകുന്നതിനായി അസി. എഞ്ചിനീയർ സർവേ റിപ്പോർട്ട് തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. സർവേ റിപ്പോർട്ട് പ്രകാരമുള്ള സാധന സാമഗ്രികളുടെ മൂല്യ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി സ്ഥലം | സാധന സാമഗ്രികൾ | അളവ് | മൂല്യം(₹) |
|---|---|---|---|
| സി.എച്ച്.സി. വാത്തിക്കുടി | Dismantled MP Tiles | 180 Nos | 750 |
| | Damaged Door Shutters | 7 Nos | 5250 |
| | Scrap(GI Sheet) | 60kg | 960 |
| | Scrap (GI Pype 20mm) | 72kg | 1152 |
| | Scrap (25x25mm MS Channel) | 40kg | 640 |
| | Aluminiumm Square Tubes | 12kg | 2400 |
| | Fire Woods | 150kg | 800 |
| താന്നിക്കണ്ടം തൊഴിൽ പരിശീലന കേന്ദ്രം & പഞ്ചായത്ത് കോൺഫ്രൻസ് ഹാൾ | GI Sheet | 335.2m2 | 25341 |
| | | ആകെ | 37293 |

അസി. എഞ്ചിനീയറുടെ മൂല്യ നിർണയത്തിന്റെ അടിസ്ഥാനത്തിൽ സാധന സാമഗ്രികൾ ലേലം ചെയ്ത് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.8/21.06.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി സ്ഥലത്ത് നിന്നും ലഭ്യമായ സാധന സാമഗ്രികൾ ലേലം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | - |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം

തൻവർഷം സംയുക്ത പദ്ധതികൾക്കായി ലഭിച്ചതും ചെലവഴിച്ചതുമായി തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക ₹ | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 74/23 പി.എം.എ.വൈ.ജി ഭവന പദ്ധതി ബ്ലോക്ക് വിഹിതം (ജനറൽ) | 2022-23 | 5292000 | 5292000 | 0 |
| ജില്ലാപഞ്ചായത്ത് | 75/23 പി.എം.എ.വൈ.ജി ഭവന പദ്ധതി | 2022-23 | 1260000 | 1260000 | 0 |

| | | | | | |
|---|---|---|---|---|---|
| | (എസ്.സി.പി)ബ്ലോക്ക് വിഹിതം | | | | |
| ജില്ലാപഞ്ചായത്ത് | 76/23<br>പി.എം.എ.വൈ.ജി ഭവന പദ്ധതി<br>(റ്റി,എസ്.പി)ബ്ലോക്ക് വിഹിതം | 2022-23 | 5292000 | 5292000 | 0 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് പ്രോജക്ട് നിർവ്വഹണത്തിനായി മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 77/23 – കാൽവരിമൗണ്ട് ടൂറിസം സെന്റർ വൈദ്യുതീകരണ ലൈൻ എക്സ്റ്റൻഷൻ | UTR RBI10832368357592 | 124256 | 124256 | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് ന./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | ലഭ്യമല്ല | 764950 | 0 | 0 | 0 | 764950 |
| ഐ.എ.വൈ. ലോൺ | ലഭ്യമല്ല | ലഭ്യമല്ല | 225000 | 0 | 0 | 0 | 225000 |

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഷിക കണക്കുകൾ പ്രകാരം തുകയൊന്നും തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നില്ല.

4-6 സ്ഥിര നിക്ഷേപം

– ഇല്ല –

4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 28 | 2001-02 | - | ജനകീയാസൂത്രണ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള ധനാപഹരണം | - |
| 1998-99 | - | 2002-03 | 32 | മത്സ്യ ബൂത്തിന് അനധികൃതമായി തുക നൽകി | - |
| 1998-99 | - | 2002-03 | 33 | ബോധവത്കരണ വൈദ്യസഹായ ക്യാമ്പുകൾ നടത്തിയതിലെ ക്രമക്കേടുകൾ | - |
| 1999-00 | - | 2002-03 | 30 | കമ്പ്യൂട്ടർ ട്രെയിനിംഗ് - ധനാപഹരണം | - |
| 2001-02 | 2(2) | 2004-05 | 6(1) | ഫോട്ടോ കോപ്പിയറിന് അധിക തുക നൽകി | |
| 2005-06 | 3-6 | 2009-10 | 2-8 | നിക്ഷേപവേലകൾ പൂർത്തിയാക്കിയില്ല വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് ₹6,02,150/- നൽകി | - |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- - ഇല്ല - -

ബി) സർചാർജ് സർട്ടിഫിക്കറ്റ് നടപടികൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക | | | | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 33(1) | അഗസ്റ്റിൻ തോമസ് | LF.19377/ SC2/ 02/dt. 12.06.03 | 8530 | | | | | | | 8530 | |
| 2 | 1999-00 | 31 | പി.ഡി. ജോസ്, ബി.ഡി.ഒ. | LF.2643// Spl.Cell/ SC2/ | 9000 | – | | – | – | – | – | 9000 | – |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 2005/DT. 23.08.06 | | | | | | | | | |
| 3 | 1999-00 | 29, 30 | എം.സി. തോമസ്, സെക്രട്ടറി | LF.2643// Spl.Cell/ SC2/ 2005/DT. 23.08.06 | 21300 | – | | – | – | – | – | 21300 | – |
| 4 | 1999-00 | 29, 30, 27, 31 | എം.സി. തോമസ്, സെക്രട്ടറി | LF.2643// Spl.Cell/ SC2/ 2005/DT. 23.08.06 | 21300+ 20000 (പലിശ) | – | | – | – | – | – | 21300+ 20000 | – |
| 5 | 2009-10 | 3.12 | – | – | 5950 | – | | – | – | – | – | 5950 | – |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹24588014 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹96645513 |
| ആകെ | ₹121233527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹98066225 |
| നീക്കിയിരിപ്പ് | ₹23167302 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹11600739 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | - ഇല്ല - | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | ₹733339 | ഡോ: കെ. ആർ. സുരേഷ് |
| 1-10 | ₹482150 | ഡോ: ക്രിസ്റ്റി ജെ., ഉണ്ടിപ്പറമ്പിൽ |
| 1-16 | 149982 | ശ്രീ. അനിൽകുമാർ വി. എം.<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കി |
| 1-18 | 10235268 | ശ്രീ. സബീർമുഹമ്മദ് പി. എം.<br>സെക്രട്ടറി |
| | 116600739 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | സർക്കാർ |
|---|---|---|
| | - - ഇല്ല - - | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | - ഇല്ല - |

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗികമേൽവിലാസം | |
|---|---|---|
| ഡോ: കെ. ആർ സുരേഷ്<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആയുർവേദ ആശുപത്രി(അനക്സ്) | ശാന്തിനിലയം<br>മണക്കാട് പി. ഒ.<br>തൊടുപുഴ |
| ഡോ: ക്രിസ്റ്റി ജെ. തുണ്ടിപ്പറമ്പിൽ<br>മെഡിക്കൽ ഓഫീസർ | ഇല്ല | തുണ്ടിപ്പറമ്പിൽ വീട്<br>ബിഷപ്പ് ഹൗസിന് എതിർ വശം<br>മണിപ്പാറ പി.ഒ, കരിമ്പൻ |
| ശ്രീ. പി. എം. സബീർ മുഹമ്മദ്<br>സെക്രട്ടറി | സെക്രട്ടറി<br>ഇടുക്കി ബ്ലോക്ക്പഞ്ചായത്ത് | പുളിക്കത്തൊട്ടിയിൽ<br>വെങ്ങല്ലൂർ പി. ഒ.<br>തൊടുപുഴ – 685608 |
| ശ്രീ. അനിൽകുമാർ വി. എം.<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ<br>ഇടുക്കി | ഉറുമ്പിൽ വീട്<br>കുവക്കണ്ടം പി. ഒ.<br>പൂമാല – 685588 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1998-99 | കെ.എസ്.എ.-ഐ.ഡി.കെ.3/1223/2022/അദാലത്ത് (ഓഗസ്റ്റ്)2022/തീ. 15.09.2022 | 3 | 32, 33(1), (2) |
| 1999-2000 | - ടി - | 4 | 27, 29, 30, 31 |
| 2004-05 | - ടി - | 7 | 2-1, 2-2, 2-4, 2-5, 2-6, 2-7, 2-8 |
| 2005-06 | - ടി - | 2 | 3-6, 3-8 |
| 2006-07 | - ടി - | 1 | 3-10 |
| 2007-08 | - ടി - | 1 | 3-6 |
| 2008-09 | - ടി - | 1 | 3-2 |
| 2009-10 | - ടി - | 2 | 3-2, 3-12 |
| 2010-11 | - ടി - | 1 | 3-7 |
| 2011-12 & 12-13 | - ടി - | 7 | 3-2, 3-5, 3-6, 3-7, 3-8, 3-9, 3-11 |
| 2013-14 & 14-15 | - ടി - | 7 | 3-1, 3-3, 3-4, 3-6, 3-7, 3-8, 3-10 |
| 2016-17 | - ടി - | 1 | 3-6 |
| 2017-18 | - ടി - | 2 | 3-1, 3-5 |
| 2018-19 | - ടി - | 6 | 1-12, 1-13, 1-16, 1-17, 1-18, 1-19 |
| 2019-20 | KSA-IDK-4/155/22/<br>Dt. 10.05.2022 | 8 | 1-13 മുതൽ<br>1-20 വരെ |
| 2020-21 | KSA-IDK-4/156/<br>Dt.10.05.2022 | 10 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20 |
| 2021-22 | KSA-IDK-P9/253/23<br>Dt. 21.03.2023 | 22 | 1-1 മുതൽ 1-22 വരെ |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 02-06-2023 and submitted on 07-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Idukki Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Idukki Block Panchayat for the year 2022-2023

Date: 27/09/2023

Senior Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Idukki Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to accounting and all other software which have direct or indirect impact on financial reports and information.
2. Non completion of transition period process, during migration to accrual based double entry system from cash based single entry system, including valuation of assets and liabilities for inclusion in opening balance sheet.
3. Non- inclusion of notes to accounts in financial statements and non-disclosure of material facts.
4. Generation of financial reports showing contradictory information due to non- integration of accounting software with other related software.

**2.Other Observations**

1) .Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
2).Non-inclusion of value of closing stock.
3). Depreciation recorded for assets not owned by the institution.
4) .Non-inclusion of value of closing stock.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്